ടോൾ നിരക്ക് വർദ്ധന തൽക്കാലം നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഈ നിർദ്ദേശത്തിനെതിരെ കൺസഷണയർ കമ്പനി കേരള ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി സമ്പാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന് മാത്രമായി ടോൾ വർദ്ധന ഒഴിവാക്കുവാൻ സാധിക്കുകയില്ല.

(ഡി) ഈ പ്രവൃത്തികൾ കൺസഷൺ എഗ്രിമെന്റിൽപ്പെട്ടവയല്ല. മുഖ്യമന്ത്രി വിളിച്ചുചേർത്ത ഒരു യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശിച്ചവയാണ്. ഇവയുടെ നിർമ്മാണത്തിനായി 98.68 കോടി രൂപയുടെ എസ്റ്റിമേറ്റ് ദേശീയ പാതാ അതോറിറ്റി സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

അങ്കമാലി-ആലുവ ദേശീയപാത

279 (7250) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി-ആലുവ ദേശീയപാതയിലെ അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് ദേശീയപാതാ അധികൃതർ തുക അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) അങ്കമാലിയിലെ കരിയാട് വളവ് നികത്തുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ഇ) അങ്കമാലി ടൗണിലെ ടാറിംഗിലെ അപാകതകളും മോണിംഗ്സ്റ്റാർ, ടെൽക്ക് തുടങ്ങിയ സ്ഥലങ്ങളിലെ വെള്ളക്കെട്ടും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ;

(എഫ്) കറുകുറ്റിയിൽ ദേശീയപാതയിലും റെയിൽവേ സ്റ്റേഷൻ പരിസരത്തും അനുഭവപ്പെടുന്ന മുക്ഷമായ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(എച്ച്) കരയാംപറമ്പ് ജംഗ്ഷനിൽ വിപുലമായ രീതിയിൽ യു ടേൺ ട്രാഫിക് സംവിധാനങ്ങൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഐ) സർവ്വീസ് റോഡുകളുടെ പണി പൂർത്തിയാക്കാത്തതിനാൽ ടോൾ പിരിക്കുന്നതിൽനിന്നും അങ്കമാലി നിവാസികളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ദേശീയപാത 47-ലെ അങ്കമാലി-ആലുവ ഭാഗത്തെ അപാകതകൾ പരിഹരിക്കേണ്ടത് ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. ഇത് പരിഹരിക്കേണ്ടത് ദേശീയപാത അതോറിറ്റിയാണ്.

(ഡി) കരിയാട് വളവ് നിവർത്തുന്നതിന് 600 മീറ്റർ നീളമുള്ള ഒരു പുതിയ റോഡ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. ആയതിനായിക്കായി 1.68 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതാണ്. ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് ഏകദേശം അഞ്ച് വീടുകളുണ്ട്. ഈ നിർദ്ദേശം പ്രത്യേകമായി പരിഗണിച്ച് നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി ഉണ്ടാകുന്ന ചെലവുകൾ സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരുമെന്ന് ദേശീയപാതാ വികസന അതോറിറ്റി അറിയിച്ച സാഹചര്യത്തിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ വഹിക്കേണ്ട ബാധ്യത സംബന്ധിച്ചും ഏറ്റെടുക്കേണ്ട ഭൂമിയുടെ യഥാർത്ഥ വിസ്തൃതി സംബന്ധിച്ചും റിപ്പോർട്ട് സമർപ്പിക്കുവാൻ ദേശീയ പാതാ വികസന അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) അങ്കമാലി ടൗണിലെ അറ്റകുറ്റപ്പണികളും മറ്റ് സ്ഥലങ്ങളിലെ വെള്ളക്കെട്ടും പരിഹരിക്കുന്നതിന് യഥാസമയം നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(എഫ്&ജി) ദേശീയ പാതയിലെ മഴവെള്ളം ഒഴുകിപ്പോകുന്നതിനായി ആവശ്യമുള്ള ഓട നിർമ്മിച്ചിട്ടുണ്ട്. കറുകുറ്റി ഭാഗത്ത് നിലവിൽ റോഡ് പണിയുമായി ബന്ധപ്പെട്ട വെള്ളക്കെട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) അംഗീകരിച്ച ഡ്രോയിംഗ് പ്രകാരം കരയാംപറമ്പ് ജംഗ്ഷനിൽ മീഡിയൻ ഓപ്പണിംഗ് ഇല്ല. എന്നാൽ പൊതുജനങ്ങളുടെ താൽപര്യ പ്രകാരം സിഗ്നൽ സിസ്റ്റത്തോട് കൂടിയ മീഡിയൻ ഓപ്പണിംഗ് സ്ഥാപിച്ചിട്ടുണ്ട്.

(ഐ) കേന്ദ്ര നിയമം അനുസരിച്ചും സംസ്ഥാന സർക്കാരും ദേശീയപാത അതോറിറ്റിയും കൺസഷണയർ കമ്പനിയും ചേർന്ന് ഒപ്പുവച്ച സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് അനുസരിച്ചുമാണ് ടോൾപിരിവ് നടത്തുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് മാത്രമായി തീരുമാനമൊന്നും എടുക്കാൻ സാധിക്കുകയില്ല.

ഹരിതൈവേ പ്രോജക്ട്

280 (7251) ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. റുഡി റൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിതൈവേ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly